കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം ഫെബ്രുവരി 2019



## പ്രൈസസ് വിഭാഗം

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

തിരുവനന്തപുരം

2019

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോൺ 0471 2333241, 2333812, 2333610 ഫാക്സ് 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോൺ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ അന്യ സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധീനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് പ്രൈസ് ബുള്ളററിൻ എന്ന പ്രസിദ്ധീകരണം മലയാളീകരിക്കൽ. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി "കേരള പൊതുവിപണി വില അവലോകനം" എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം — വി. രാമചന്ദ്രൻ

20/03/2019 — ഡയറക്ടർ ജനറൽ

# ആമുഖം

പ്രളയത്തിന് ശേഷം കേരളം പുനർ നിർമ്മാണത്തിന്റെ ഘട്ടത്തിലാണ്. അതോടൊപ്പം തന്നെ കാർഷിക കേരളവും അസൂയാവഹമായ രീതിയിൽ മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയിൽ ഒരു ഉണർവ് ദൃശ്യമാണ്. നെൽകൃഷിയിൽ നല്ല തോതിലുള്ള വിളവുതന്നെ ഇത്തവണ ഉണ്ടാവുമെന്നാണ് വിവിധ ജില്ലകളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട്. അതോടൊപ്പം നിലവിലുള്ള എഫ് സി ഐ യുടെ നെല്ല് സംഭരണം സർവകാല റെക്കോർഡിലേക്ക് കടക്കുകയാണ് ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം 540 ലക്ഷം മെട്രിക് ടൺ നെല്ല് ഇതുവരെയായി സംഭരിച്ചിട്ടുണ്ട് കേരളത്തിൽ സപ്പ്ളൈകോയുടെ നെല്ല് സംഭരണം ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം 1.62 ലക്ഷം മെട്രിക് ടൺ കവിഞ്ഞിട്ടുണ്ട് . സ്വകാര്യമില്ലുകൾ നൽകുന്ന വിലയേക്കാൾ കൂടിയ വില കർഷകർക്ക് നൽകിയാണ് സപ്പ്ളൈക്കോ നെല്ല് സംഭരണം നടത്തുന്നത് ഇത് കർഷകനെ സംബന്ധിച്ചു ആശ്വാസവും പ്രോത്സാഹജനകവുമാണ് .

കേരളം കടുത്ത വരൾച്ചയിലേക്കെന്ന സൂചന നൽകിക്കൊണ്ടാണ് ഫെബ്രുവരി കടന്നു പോയത് കാലാവസ്ഥ നിരീക്ഷണകേന്ദ്രത്തിന്റെ കണക്ക് പ്രകാരം ഒക്ടോബർ 01 മുതൽ ഡിസംബർ 31 വരെയുള്ള വടക്ക് കിഴക്കൻ കാലവർഷത്തിൽ കേരളത്തിൽ എറണാകുളം ,കോട്ടയം ,പത്തനംതിട്ട ഒഴികെയുള്ള എല്ലാ ജില്ലകളിലും സാധാരണയിൽ താഴെയാണ് മഴ ലഭിച്ചിരിക്കുന്നത്.. ജനുവരി ഒന്നു മുതൽ ഇതുവരെയുള്ള കണക്കുപ്രകാരം കേരളത്തിൽ 28 ശതമാനം മഴയുടെ കുറവ് ഈ കാലയളവിൽ ഉണ്ടായിട്ടുണ്ട് .മാത്രമല്ല അതി തീഷ്ണമായ ഉഷ്ണതരംഗത്തെക്കുറിച്ചുള്ള മുന്നറിയിപ്പും നൽകിക്കഴിഞ്ഞു .വേനൽ മഴ കാര്യമായി ഉണ്ടായില്ലെങ്കിൽ അത് വരും വർഷത്തെ കാർഷികോല്പാദനത്തെ കാര്യമായി ബാധിക്കാനിടയുണ്ട്.

കാലാവസ്ഥ വ്യതിയാനം കേരളത്തിന്റെ കാർഷിക മേഖലയിൽ ഒരു ഭീഷണിയായി വരികയാണ് മിക്കവാറും കാലവർഷത്തെ ആശ്രയിച്ചാണ് കേരളത്തിൽ കൃഷി ചെയ്യുന്നത് പ്രവചനാതീതമായ കാലാവസ്ഥ കർഷകനെ സംബന്ധിച്ചു സുരക്ഷിതമായ അവസ്ഥയല്ല സൃഷ്ടിക്കുന്നത്. തുടർച്ചയായുണ്ടാവുന്ന വെള്ളപ്പൊക്കവും വരൾച്ചയും കാർഷികവിളകളുടെ നാശത്തിനു കാരണമാവുകയും അത് അനിയന്ത്രിതമായ വിലക്കയറ്റത്തിലേക്ക് നയിക്കുകയും ചെയ്യും . പ്രകൃതിയോട് ഇണങ്ങിയുള്ള കൃഷിയും ജീവിതവും പാലിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

കേന്ദ്ര കാർഷിക മന്ത്രാലയം ഏറ്റവും ഒടുവിൽ പുറത്തുവിട്ട 2018 -19 വർഷത്തെ രണ്ടാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം 2018 -19 സീസണിൽ നെല്ലിന്റെ ഉല്പാദനത്തിൽ 115 .60 മില്യൺ ടൺ എന്ന റെക്കോർഡ് ഉത്പാദനമാണ് പ്രതീക്ഷിക്കുന്നത് .ഇത് 2017-18 ലേതിനേക്കാൾ 2.38 ശതമാനം കൂടുതലാണ് . അരി പ്രധാന ഭക്ഷ്യ ധന്യമായി ഉപയോഗിക്കുന്ന കേരളത്തെ സംബന്ധിച്ച് ശുഭ സൂചകങ്ങളായ വർത്തകളാണിത്.

ഗോതമ്പ് ഉത്പാദനം 100 മില്യൺ ടൺ കടക്കുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും കഴിഞ്ഞ വർഷത്തെ ഉല്പാദനമായ 99.70 മില്യൺ ടണ്ണിനേക്കാൾ ഉത്പാദനം അല്പം കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്

പയർ വർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ കുറവുണ്ടാവുമെന്നു റിപ്പോർട്ടിൽ ഭയപ്പെടുന്നു. ഉത്പാദക സംസ്ഥാനങ്ങളിലുണ്ടായ വരൾച്ച കൃഷിയെയും ഉല്പാദനത്തെയും ബാധിക്കുമെന്നാണ് റിപ്പോർട്ട് .തുവര ,കടല എന്നിവയുടെ ഉല്പാദനത്തിലാണ് കാര്യമായ കുറവ് കാണിക്കുന്നത്.

കാർഷിക മാത്രാലയം പുറത്തുവിട്ട ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം 2018 -19 റാബി സീസണിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചു നെല്ലിന്റെ കാർഷിക വിസ്തൃതിയിൽ 14.33 ശതമാനത്തിന്റെയും പയർ വർഗങ്ങളിൽ 5 .9 ശതമാനത്തിന്റെയും കുറവ് കാണിക്കുന്നു.

ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള വടക്കു കിഴക്കൻ മൺസൂൺ കാലത്തു ഇന്ത്യയിൽ മൊത്തം 44 ശതമാനം മഴയുടെ കുറവുണ്ടായിട്ടുണ്ടെന്നാണ് കാലാവസ്ഥ വകുപ്പ് നൽകുന്ന റിപ്പോർട്ട് പ്രധാന കാർഷിക സംസ്ഥാനങ്ങളായ മഹാരാഷ്ട്ര,മധ്യപ്രദേശ്,ആന്ധ്രപ്രദേശ്, തെലുങ്കാന,കർണാടകം ,തമിഴ്നാട് എന്നിവിടങ്ങളിലെല്ലാം ഗണ്യമായ മഴക്കുറവ് അനുഭവപ്പെട്ടിട്ടുണ്ട് ഇത് റാബി സീസണിലെ കാർഷികോല്പാദനത്തെ സാരമായി ബാധിക്കാനിടയുണ്ട്.

## I. ധാന്യങ്ങൾ

അവലോകനമാസമായ ഫെബ്രുവരിയിൽ അരി വിലയിൽ പൊതുവെ സ്ഥിരത കൈവരിക്കുന്നതാണ് കണ്ടത്. മിക്കവാറും എല്ലാ ഇനങ്ങളുടെയും വില നാൽപത് രൂപയിൽ താഴെ നിൽക്കുകയാണ് .ഇതിൽ വർദ്ധനവിനുള്ള സാധ്യത വരും മാസങ്ങളിലും കാണുന്നില്ല.

അരി വിലയിൽ ശുഭസൂചകങ്ങളായ വാർത്തകളാണ് വിപണിയിൽ നിന്നും ലഭ്യമാവുന്നത് ..കേന്ദ്ര കാർഷിക മന്ത്രാലയം ഏറ്റവും ഒടുവിൽ പുറത്തുവിട്ട 2018 -19 വർഷത്തെ രണ്ടാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം 2018 -19 സീസണിൽ നെല്ലിന്റെ ഉല്പാദനത്തിൽ 115 .60 മില്യൺ ടൺ എന്ന റെക്കോർഡ് ഉത്പാദനമാണ് പ്രതീക്ഷിക്കുന്നത്

എഫ് സി ഐ യുടെ നെല്ല് സംഭരണം സർവകാല റെക്കോർഡിലേക്ക് കടക്കുകയാണ് ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം 540 ലക്ഷം മെട്രിക് ടൺ നെല്ല് ഇതുവരെയായി സംഭരിച്ചിട്ടുണ്ട്. കേരളത്തിൽ സപ്പ്ളൈകോയുടെ നെല്ല് സംഭരണം ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം 1 .62 ലക്ഷം മെട്രിക് ടൺ കവിഞ്ഞിട്ടുണ്ട് .

ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം 2018 -19 റാബി സീസണിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചു നെല്ലിന്റെ കാർഷിക വിസ്തൃതിയിൽ 14.33 ശതമാനത്തിന്റെ കുറവ് കാണിക്കുന്നുണ്ടെങ്കിലും ഉല്പാദനത്തിൽ കാര്യമായ കുറവ് പ്രതീക്ഷിക്കുന്നില്ല .

കേരളത്തിൽ മിക്ക ജില്ലകളിലും നെല്ലിന്റെ വിളവെടുപ്പ് കാര്യമായി പുരോഗമിക്കുകയാണ് .ആലപ്പുഴയിൽ നിന്നും കുട്ടനാട്ടിൽ നിന്നും ഈ വർഷം വളരെ നല്ല വിളവാണെന്നാണ് ലഭിക്കുന്ന റിപ്പോർട്ടുകൾ .

നിലവിലുള്ള സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ നടപ്പ് വർഷം അരി വിലയിൽ കാര്യമായ വില വർദ്ധനവിനുള്ള സാധ്യത കാണുന്നില്ല

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2018 | ജനുവരി 2019 | ഫെബ്രുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | **41.84** | **37.29** | **37.29** | **0.00** | **-10.87** |
| 2 | ചമ്പ | കിലോഗ്രാം | **43.00** | **41.00** | **41.00** | **0.00** | **-4.65** |
| 3 | റോസ് | കിലോഗ്രാം | **42.08** | **37.78** | **37.81** | **0.08** | **-10.15** |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | **37.69** | **36.15** | **36.15** | **0.00** | **-4.09** |
| 5 | ജയ | കിലോഗ്രാം | **39.64** | **35.52** | **35.60** | **0.23** | **-10.17** |
| 6 | ഗോതമ്പ് | കിലോഗ്രാം | **31.62** | **34.67** | **35.12** | **1.28** | **11.07** |



## II. പയർ വർഗ്ഗങ്ങൾ

അവലോകനമാസമായ ഫെബ്രുവരിയിൽ പയർ വർഗ്ഗങ്ങളിൽ പൊതുവെ ചെറിയൊരു വർദ്ധനവിനുള്ള പ്രവണത ദൃശ്യമായിരുന്നു. തുവരപ്പരിപ്പിന്റെ വിലയിൽ കാര്യമായ ഒരു വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടു. മാർച്ച് മാസത്തിലും ഈ വർദ്ധനവ് തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന

പൊതുവെ ശുഭകരമായ വാർത്തയല്ല പയർ വർഗ്ഗങ്ങളുടെ കാര്യത്തിൽ ലഭ്യമാവുന്നത് . കേന്ദ്ര കാർഷിക മന്ത്രാലയം ഏറ്റവും ഒടുവിൽ പുറത്തുവിട്ട 2018 -19 വർഷത്തെ രണ്ടാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം 2018 -19 പയർ വർഗ്ഗങ്ങൾ 24 .02 മില്യൺ ടണ്ണിന്റെ ഉത്പാദനമാണ് പ്രതീക്ഷിക്കുന്നത് ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചു 1.21 മില്യൺ ടണ്ണിന്റെ കുറവാണു കാണിക്കുന്നത് .

ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം 2018-19 റാബി സീസണിൽ പയർ വർഗ്ഗങ്ങളുടെ കാർഷിക വിസ്തൃതിയിൽ 5.91 ശതമാനത്തിന്റെ കുറവ് കാണിക്കുന്നു പ്രധാനപ്പെട്ട ഉത്പാദക സംസ്ഥാനങ്ങളിൽ ഉണ്ടായ മഴയുടെ കുറവ് കൃഷിയെയും ഉല്പാദനത്തെയും കാര്യമായി ബാധിക്കാൻ സാധ്യതയുണ്ടെന്നാണു ലഭിക്കുന്ന റിപ്പോർട്ട്

പ്രൈസ് സപ്പോർട്ട് സ്കീം പ്രകാരമുള്ള നാഫെഡിന്റെ പയർ വർഗ്ഗങ്ങളുടെ സംഭരണം തുടരുകയാണ് .ഇതുവരെയുള്ള റിപ്പോർട്ടുകൾ പ്രകാരം തുവര 1.65 ലക്ഷം മെട്രിക്ക് ടൺ, ഉഴുന്ന് 1843 മെട്രിക് ടൺ , ചെറുപയർ 366 മെട്രിക് ടൺ, കടല 5184 മെട്രിക് ടൺ എന്നിങ്ങനെയാണ് സംഭരണ നില.

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2018 | ജനുവരി 2019 | ഫെബ്രുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 85.86 | 87.64 | 88.52 | 1.00 | 3.10 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 88.55 | 90.38 | 90.96 | 0.64 | 2.72 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 89.45 | 89.33 | 88.80 | -0.59 | -0.73 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 83.30 | 88.48 | 87.88 | -0.68 | 5.50 |
| 5 | വൻപയർ | കിലോഗ്രാം | 71.00 | 70.00 | 69.50 | -0.71 | -2.11 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 84.63 | 85.86 | 89.11 | 3.79 | 5.29 |
| 7 | കടല(വലുത്) | കിലോഗ്രാം | 83.48 | 76.86 | 76.54 | -0.42 | -8.31 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 68.78 | 72.00 | 72.00 | 0.00 | 4.68 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 41.94 | 65.04 | 66.90 | 2.86 | 59.51 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 72.04 | 71.63 | 71.67 | 0.05 | -0.51 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

അവലോകനമാസമായ ഫെബ്രുവരിയിൽ കോഴിമുട്ടയുടെ വിലയിൽ വർദ്ധനവിനുള്ള പ്രവണത കണ്ടപ്പോൾ ഇറച്ചിക്കോഴിയുടെ വിലയിൽ കുറവ് ദൃശ്യമായി തേയിലയുടെ വില ചെറിയൊരു ഏറ്റക്കുറച്ചിലുകളോടെ നിലകൊണ്ടു . മറ്റിനങ്ങൾ കാര്യമായ മാറ്റമില്ലാതെ നിലകൊണ്ടു.

ഇറച്ചിക്കോഴി വിലയിൽ കാര്യമായ കുറവ് ദൃശ്യമായി മാസാവസാനം വില 100 രൂപയിൽ താഴെ എത്തിനിൽക്കുന്നു .ഇത് മാർച്ച് മാസം കൂടുതൽ കുറഞ്ഞു 70 രൂപയ്ക്കടുത്തു എത്താൻ സാധ്യതയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന.കേരളത്തിലെ കടുത്ത ചൂടിൽ ഇറച്ചിക്കോഴിയുടെ ഉപഭോഗം കുറഞ്ഞതാണ് വില കാര്യമായി കുറയാൻ കാരണമെന്നാണ് വിപണിയിൽ നിന്നുള്ള വിവരം

കടുത്ത ശൈത്യത്തെ തുടർന്ന് മുന്നാറിൽ തേയില ഉല്പ്പാദനത്തിൽ കുറവുണ്ടായെങ്കിലും ടീ ബോർഡിന്റെ ഏറ്റവും ഒടുവിലത്തെ കണക്ക് പ്രകാരം തമിഴ്നാട്ടിലെ നീലഗിരിയിൽ കഴിഞ്ഞ വർഷത്തേക്കാൾ ഉത്പാദനം കുടിയതായിട്ടാണ് കാണുന്നത് . തേയിലയുടെ വില അടുത്ത മാസങ്ങളിൽ കാര്യമായ മാറ്റം പ്രതീക്ഷിക്കുന്നില്ല ചെറിയൊരു ഏറ്റക്കുറച്ചിലുകളോടെ നിലകൊള്ളാനാണ് സാധ്യത

കേന്ദ്ര കാർഷിക മന്ത്രാലയം പുറത്തുവിട്ട അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം കരിമ്പിന്റെ ഉല്പ്പാദനത്തിൽ ഈ വർഷം കഴിഞ്ഞ വർഷത്തേക്കാൾ 3 മില്യൺ ടണിന്റെ അധിക ഉത്പാദനം കണക്കാക്കുന്നു. ഇത് പഞ്ചസാരയുടെ വിലയെ പിടിച്ചു നിർത്തുന്നതിനു സഹായകരമാവും

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2018 | ജനുവരി 2019 | ഫെബ്രുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 38.04 | 36.67 | 36.86 | 0.52 | -3.10 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 144.42 | 152.88 | 154.62 | 1.14 | 7.06 |
| 3 | ശർക്കര | കിലോഗ്രാം | 54.23 | 53.34 | 52.05 | -2.42 | -4.02 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 53.15 | 58.57 | 60.02 | 2.48 | 12.93 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 525.00 | 557.14 | 557.14 | 0.00 | 6.12 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 92.08 | 108.98 | 102.69 | -5.77 | 11.52 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.80 | 146.84 | 147.64 | 0.54 | -0.11 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.13 | 161.62 | 161.62 | 0.00 | 0.30 |



## IV. എണ്ണയും എണ്ണക്കുരുക്കളും

ശബരിമല സീസൺ കഴിഞ്ഞതോടെ പ്രതീക്ഷിച്ചതുപോലെ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ കുറവ് അനുഭപ്പെട്ടു. ഉപഭോഗത്തിൽ കുറവുണ്ടാവുകയും . ശബരിമലയിൽ നിന്നുള്ള കൊപ്രയുടെ വരവ് വിപണിയിൽ സജീവമാവുകയും ചെയ്തതോടെ വെളിച്ചെണ്ണയുടെ വിലയിൽ കുറവ് അനുഭവപ്പെട്ടുതുടങ്ങി എന്നാണ് വിപണിയിൽ നിന്നുള്ള സൂചന .

എന്നാൽ ഇപ്പോൾ വിപണിയിൽ ദൃശ്യമായ വിലക്കുറവ് വെറും താൽക്കാലികം മാത്രമാണെന്നാണ് റിപ്പോർട്ട്. ഏപ്രിൽ മാസത്തോടെ വീണ്ടും തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വില വർദ്ധനവിനുള്ള സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന

തമിഴ്നാട്ടിൽ ആഞ്ഞടിച്ച ഗജ ചുഴലിക്കാറ്റിൽ തെങ്ങു കൃഷിയിൽ കനത്ത നാശം സംഭവിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ട് ഇത് കാരണം തേങ്ങയുടെ ഉല്പാദനത്തിൽ കാര്യമായ കുറവ് ഉണ്ടാവാൻ ഇടയുണ്ട് .ഇത് കൂടാതെ തമിഴ്നാട്ടിലും കർണാടകയിലും ഉണ്ടായ വരൾച്ചയും ഉല്പാദനത്തിൽ കാര്യമായ കുറവ് സൃഷ്ടിക്കാൻ ഇടയുണ്ടെന്നാണ് റിപ്പോർട്ട് .ഇത് വീണ്ടും തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ വർദ്ധനവ് സൃഷ്ടിച്ചേക്കാം. തേങ്ങ ഉത്പാദക സംസ്ഥാനങ്ങളിൽ തുലാ മഴയിൽ കാര്യമായ കുറവുണ്ടായതായാണ് റിപ്പോർട്ട്.

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2018 | ജനുവരി 2019 | ഫെബ്രുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 220.57 | 200.59 | 198.18 | -1.20 | -10.15 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 144.00 | 156.13 | 158.33 | 1.41 | 9.95 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 90.23 | 97.29 | 97.77 | 0.49 | 8.36 |
| 4 | നല്ലെണ്ണ | ലിററർ | 153.32 | 218.89 | 222.11 | 1.47 | 44.87 |
| 5 | കടുക് എണ്ണ | ലിററർ | 140.40 | 139.40 | 141.75 | 1.69 | 0.96 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 92.66 | 98.09 | 98.52 | 0.44 | 6.32 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 90.04 | 97.92 | 98.13 | 0.22 | 9.00 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 239.43 | 212.43 | 199.98 | -5.86 | -16.48 |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

വെളുത്തുള്ളി ഒഴികെയുള്ള മിക്ക ഇനങ്ങൾക്കും വില കുറയുന്നതിനോ സ്ഥിരത കൈവരിക്കുന്നതിനോ ഉള്ള പ്രവണത അവലോകനമാസമായ ഫെബ്രുവരിയിൽ വിപണിയിൽ ദൃശ്യമായിരുന്നു.. വെളുത്തുള്ളിയുടെ വിലയിൽ കാര്യമായ വർദ്ധനവ് ദൃശ്യമായി. അടുത്ത മാസത്തിലും ഈ വർദ്ധനവ് തുടരാനുള്ള പ്രവണതയാണ് കാണുന്നത്. മാർച്ച് മാസം അവസാനത്തോടെ വില കുറയുവാനുള്ള സാധ്യതയുണ്ട്

ഉള്ളിയുടെ വില അവലോകന മാസത്തിൽ കാര്യമായ കുറവ് ദൃശ്യമായി വിലയിൽ മാർച്ച് മാസത്തിലും വിലക്കുറവ് തുടരാനാണ് സാധ്യതയെന്നാണ് വിപണിയിൽ നിന്നുള്ള വിവരം.

കുരുമുളക് കർഷകരെ സംബന്ധിച്ചു ദുരിതം അകലുന്നതിന്റെ യാതൊരു ലക്ഷണവും കാണുന്നില്ല . നിലവിലുള്ള സ്ഥിതി തുടരുകയാണെങ്കിൽ നടപ്പ് വർഷവും വിലയിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നില്ല .ശ്രീലങ്കയുമായി ഇന്ത്യക്കുള്ള സ്വതന്ത്ര വ്യാപാരക്കരാർ മുതലെടുത്തുകൊണ്ട് വിയറ്റ്നാമിൽ നിന്നും ഇന്തോനേഷ്യയിൽ നിന്നുമുള്ള ഗുണനിലവാരം കുറഞ്ഞ കുരുമുളക് ശ്രീലങ്ക വഴി ഇന്ത്യയിലേക്ക് കയറ്റി അയക്കുകയാണെന്നാണ് വിപണിയിൽ നിന്നുള്ള വിവരം. ഇതിനു പരിഹാരം കാണാതെ ഇന്ത്യൻ കുരുമുളകിന് വിപണിയിൽ പിടിച്ചു നിൽക്കാൻ സാധിക്കുകയില്ല.

2018 -19 റാബി സീസണിൽ ഉള്ളിയുടെ ഉല്പാദനത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചു 1.49 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടാവുമെന്നാണ് അഡ്വാൻസ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രതീക്ഷിക്കുന്നത് .മാർച്ച് അവസാനം മുതൽ മെയ് വരെ വിളവെടുപ്പ് നടക്കുന്ന റാബി സീസണിലാണ് ഏറ്റവും കൂടുതൽ വിളവെടുപ്പ് പ്രതീക്ഷിക്കുന്നത്. മുളക് ,വെളുത്തുള്ളി,മഞ്ഞൾ , പുളി എന്നിവയുടെ ഉത്പാദനത്തിലും വർദ്ധനവ് പ്രതീക്ഷിക്കുമ്പോൾ കുരുമുളകിന്റെ ഉല്പാദനത്തിൽ കാര്യമായ കുറവുണ്ടാവുമെന്നു കണക്കാക്കുന്നു.

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2018 | ജനുവരി 2019 | ഫെബ്രുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | **90.68** | **91.04** | **91.16** | **0.13** | **0.53** |
| 2 | മുളക് | കിലോഗ്രാം | **107.30** | **128.25** | **127.91** | **-0.27** | **19.21** |
| 3 | ഉള്ളി | കിലോഗ്രാം | **44.04** | **43.05** | **41.04** | **-4.67** | **-6.81** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **164.38** | **164.11** | **158.66** | **-3.32** | **-3.48** |
| 5 | ജീരകം | 100 ഗ്രാം | **29.79** | **29.70** | **29.70** | **0.00** | **-0.30** |
| 6 | കടുക് | 100 ഗ്രാം | **9.00** | **9.17** | **9.21** | **0.44** | **2.33** |
| 7 | ഉലുവ | 100 ഗ്രാം | **9.29** | **9.48** | **9.50** | **0.21** | **2.26** |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | **18.25** | **18.61** | **18.60** | **-0.05** | **1.92** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **8.28** | **6.11** | **6.79** | **11.13** | **-18.00** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **520.10** | **441.06** | **437.98** | **-0.70** | **-15.79** |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

കിഴങ്ങു വർഗ്ഗങ്ങളുടെ വിലയിൽ അവലോകന മാസമായ ഫെബ്രുവരിയിൽ എല്ലാ ഇനങ്ങൾക്കും വിലക്കുറവ് അനുഭവപ്പെട്ടു .പച്ചക്കറി ഇനങ്ങൾക്ക് പൊതുവെ അനുഭവപ്പെട്ട വിലക്കുറവ് കിഴങ്ങു വർഗ്ഗങ്ങളിലും പ്രതിഫലിച്ചു കണ്ടു. ബീറ്റ്റൂട്ട് ,കാരറ്റ് എന്നിവയുടെ വിലയിൽ കാര്യമായ കുറവുണ്ടായി.

2018-19 വർഷത്തെ ഹോർട്ടികൾച്ചർ വിളകളുടെ അഡ്വാൻസ് എസ്റ്റിമേഷൻ റിപ്പോർട്ടിൽ കിഴങ്ങുവർഗ്ഗങ്ങളിൽ ഏതാണ്ട് എല്ലാ ഇനങ്ങളുടെയും ഉല്പാദനത്തിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നു. കാരറ്റ് 21.11 %, ബീറ്റ്റൂട്ട് 5 .12 %, ഉരുളക്കിഴങ്ങ് 2 .49 %,മരച്ചീനി 2 .14 % എന്നിങ്ങനെ വർദ്ധനവ് കാണിക്കുമ്പോൾ ചേനയുടെ ഉല്പാദനത്തിൽ 3 .36 ശതമാനത്തിന്റെ കുറവ് കാണിക്കുന്നു.

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2018 | ജനുവരി 2019 | ഫെബ്രുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **38.07** | **33.45** | **32.41** | **-3.11** | **-14.87** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **21.86** | **26.58** | **25.81** | **-2.90** | **18.07** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **24.91** | **30.25** | **28.70** | **-5.12** | **15.21** |
| 4 | ചേമ്പ് | കിലോഗ്രാം | **44.71** | **58.32** | **58.25** | **-0.12** | **30.28** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **26.41** | **36.18** | **32.04** | **-11.44** | **21.32** |
| 6 | കാരററ് | കിലോഗ്രാം | **37.68** | **41.11** | **34.20** | **-16.81** | **-9.24** |



## VII. പച്ചക്കറി ഇനങ്ങൾ

പച്ചക്കറി ഇനങ്ങളിൽ അവലോകനമാസമായ ഫെബ്രുവരിയിൽ എല്ലാ ഇനങ്ങൾക്കും വിലക്കുറവ് അനുഭവപ്പെട്ടു, തക്കാളി ,വെണ്ടയ്ക്ക,വള്ളിപ്പയർ, പച്ചമുളക് ,വഴുതന എന്നിവയാണ് പ്രധാനമായും വിലക്കുറവുണ്ടായ ഇനങ്ങൾ സവാള, തക്കാളി എന്നിവയുടെ വിലയിൽ കാര്യമായ കുറവ് ഈ കാലയളവിൽ രേഖപ്പെടുത്തി മാർച്ച് മാസത്തിലും ഈ കുറവ് തുടരാനാണ് സാധ്യത തക്കാളിയുടെ വില ഏപ്രിൽ മാസത്തോടെ അല്പം വർദ്ധനവിനുള്ള സാധ്യത ഉണ്ട്. പച്ചമുളകിന്റെ വിലയിൽ മാസാവസാനം വർദ്ധനവിനുള്ള പ്രവണത ദൃശ്യമായിരുന്നു. മാർച്ച് മാസത്തിലും വർദ്ധനവ് തുടരാനിടയുണ്ട്

2018-19 വർഷത്തെ ഹോർട്ടികൾച്ചർ വിളകളുടെ അഡ്വാൻസ് എസ്റ്റിമേഷൻ റിപ്പോർട്ട് പ്രകാരം പച്ചക്കറികളുടെ മൊത്തം ഉല്പാദനത്തിൽ 1.67 ശതമാനത്തിന്റെ വർദ്ധനവ് കാണിക്കുന്നു. വെള്ളരിക്ക31.58%,പാവയ്ക്ക5.89%, പച്ചമുളക് 4.03% ,തക്കാളി 3.82% ,ബീൻസ് 2%,സവാള 1.49% എന്നിവയാണ് ഉല്പാദനത്തിൽ വർദ്ധനവ് പ്രതീക്ഷിക്കുന്ന പ്രധാന പച്ചക്കറി ഇനങ്ങൾ.

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2018 | ജനുവരി 2019 | ഫെബ്രുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 31.68 | 18.41 | 16.29 | -11.52 | -48.58 |
| 2 | വഴുതന | കിലോഗ്രാം | 26.93 | 35.61 | 31.79 | -10.73 | 18.05 |
| 3 | മത്തങ്ങ | കിലോഗ്രാം | 17.75 | 18.64 | 18.02 | -3.33 | 1.52 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 18.63 | 20.79 | 20.48 | -1.49 | 9.93 |
| 5 | വെണ്ടക്ക | കിലോഗ്രാം | 34.39 | 47.27 | 37.88 | -19.86 | 10.15 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 34.77 | 48.29 | 46.63 | -3.44 | 34.11 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 41.61 | 47.14 | 41.02 | -12.98 | -1.42 |
| 8 | കാബേജ് | കിലോഗ്രാം | 24.02 | 27.57 | 26.79 | -2.83 | 11.53 |
| 9 | പാവയ്ക്ക | കിലോഗ്രാം | 43.71 | 46.55 | 45.84 | -1.53 | 4.87 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 19.02 | 22.25 | 21.93 | -1.44 | 15.30 |
| 11 | പടവലങ്ങ | കിലോഗ്രാം | 27.89 | 31.27 | 29.91 | -4.35 | 7.24 |
| 12 | തക്കാളി | കിലോഗ്രാം | 15.61 | 37.84 | 23.14 | -38.85 | 48.24 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.07 | 5.47 | 4.79 | -12.43 | 17.69 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 37.50 | 44.41 | 44.04 | -0.83 | 17.44 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 38.70 | 32.13 | 32.20 | 0.22 | -16.80 |



## VIII.പഴവർഗ്ഗങ്ങൾ

പഴവർഗ്ഗങ്ങളിൽ അവലോകന മാസമായ ഫെബ്രുവരിയിൽ പൊതുവെ സമ്മിശ്രമായ ഒരു പ്രവണതയാണ് ദൃശ്യമായത് .ഓറഞ്ചിന്റെ സീസൺ ഏകദേശം അവസാന ഘട്ടത്തിൽ ആയതോടെ വില വർദ്ധിച്ചു. .തണ്ണിമത്തൻ , മാങ്ങ എന്നിവയുടെ സീസൺ ആരംഭിച്ചിട്ടുണ്ട് . ഇവയുടെ വില പതുക്കെ കുറയുവാനുള്ള പ്രവണത വിപണിയിൽ പ്രകടമാണ് .ഏത്തപ്പഴത്തിന്റെയും വാഴപ്പഴത്തിന്റെയും വിലയിൽ കുറവ് ദൃശ്യമായിരുന്നു .മാർച്ചിലും ഇവയുടെ വിലയിൽ കാര്യമായ വ്യതിയാനം പ്രതീക്ഷിക്കുന്നില്ല.

ഏറ്റവും ഒടുവിലത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം മൊത്തം പഴവർഗ്ഗങ്ങളും ഉല്പാദനത്തിൽ 0.62 ശതമാനത്തിന്റെ ചെറിയൊരു കുറവ് റിപ്പോർട്ട് ചെയ്യുന്നു. ആപ്പിൾ (1.89%) ,പേരയ്ക്ക(1.30%) ,മുന്തിരി (1.60%) എന്നിവയുടെ ഉല്പാദനത്തിൽ വർദ്ധനവ് കാണിക്കുമ്പോൾ തണ്ണിമത്തൻ(-8.76%) ,ഏത്തയ്ക്ക(-2.60%) ,മാങ്ങ(-2.05%) എന്നിവയുടെ ഉല്പാദനത്തിൽ കുറവ് റിപ്പോർട്ട് ചെയ്യുന്നു

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2018 | ജനുവരി 2019 | ഫെബ്രുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 70.63 | 64.62 | 64.55 | -0.11 | -8.61 |
| 2 | മുസമ്പി | കിലോഗ്രാം | 58.17 | 67.02 | 65.10 | -2.87 | 11.90 |
| 3 | മാതളം | കിലോഗ്രാം | 114.58 | 91.25 | 95.21 | 4.34 | -16.91 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 120.00 | 127.08 | 148.00 | 16.46 | 23.33 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 43.63 | 53.14 | 51.33 | -3.41 | 17.65 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 39.21 | 31.66 | 31.14 | -1.64 | -20.58 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 59.96 | 46.41 | 45.84 | -1.23 | -23.55 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 53.06 | 47.33 | 46.94 | -0.84 | -11.53 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 32.48 | 28.08 | 28.93 | 3.03 | -10.94 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 101.67 | 110.48 | 98.61 | -10.74 | -3.01 |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 17.18 | 18.41 | 17.23 | -6.40 | 0.31 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 77.78 | 73.04 | 66.88 | -8.44 | -14.02 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 57.00 | 62.95 | 61.82 | -1.81 | 8.45 |



## IX. ഭക്ഷ്യേതര വസ്തുക്കൾ

അവലോകനമാസമായ ഫെബ്രുവരിയിൽ ഏതാണ്ട് എല്ലാ ഇനം സിമന്റിന്റെയും വിലയിൽ വർദ്ധനവ് രേഖപ്പെടുത്തി സിമന്റ് കമ്പനികൾ വില വർദ്ദിപ്പിച്ചതിനെത്തുടർന്നു മാസാവസാനം സിമന്റിന്റെ വിലയിൽ കാര്യമായ വർദ്ധനവ് ഉണ്ടായി മാസാരംഭത്തിൽ 370-380 രൂപ നിരക്കിൽ ഉണ്ടായിരുന്ന വില മാസാവസാനം 425 രൂപ വരെ എത്തി നിൽക്കുന്നു എന്നാൽ വിവിധ തലങ്ങളിൽ നിന്നുള്ള എതിർപ്പിനെത്തുടർന്ന് വിലയിൽ ചെറിയൊരു കുറവ് ഉണ്ടായിത്തുടങ്ങിട്ടുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന. അടുത്ത മാസത്തോടെ ഇത് 400 രൂപയിൽ താഴെ എത്താൻ സാധ്യതയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന .

പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് ഉല്പാദിപ്പിക്കുന്ന സിമന്റ് നിലവിൽ നാനൂര് രൂപയിൽ താഴെ നിരക്കിൽ ലഭിക്കുന്നുണ്ട് കൂടുതൽ ഉത്പാദനം നടത്തുന്നതിനുള്ള ശ്രമങ്ങൾ കമ്പനി ആരംഭിച്ചതായിട്ടാണ് റിപ്പോർട്ട് ചേർത്തല യൂണിറ്റിൽ ഉത്പാദനം നടത്തുന്നതിന് അസംസ്കൃത വസ്തുവായ ക്ലിങ്കർ ഇറക്കുമതി ചെയ്തിട്ടുണ്ട് ഇത് പ്രവർത്തനക്ഷമമാവുന്നതോടെ പ്രതിവർഷം രണ്ട് ലക്ഷം ടൺ സിമന്റ് അധികമായി ഉല്പാദിപ്പിക്കാമെന്നു കരുതുന്നു .ഇതോടെ കുറഞ്ഞ നിരക്കിൽ സിമന്റ് വിപണിയിൽ എത്തിക്കാൻ സാധിക്കുന്നതും വിലക്കയറ്റം പിടിച്ച നിർത്താൻ സാധിക്കുന്നതുമാണ്

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2018 | ജനുവരി 2019 | ഫെബ്രുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **19.86** | **20.00** | **20.00** | **0.00** | **0.70** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **27.59** | **29.13** | **29.38** | **0.86** | **6.49** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **507.14** | **486.67** | **495.00** | **1.71** | **-2.39** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **387.97** | **385.36** | **407.86** | **5.84** | **5.13** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **382.97** | **380.18** | **402.68** | **5.92** | **5.15** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **51.59** | **54.35** | **54.47** | **0.22** | **5.58** |



## അനുബന്ധം

### സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2018 | ജനുവരി 2019 | ഫെബ്രുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 41.84 | 37.29 | 37.29 | 0.00 | -10.87 |
| 2 | ചമ്പ | കിലോഗ്രാം | 43.00 | 41.00 | 41.00 | 0.00 | -4.65 |
| 3 | റോസ് | കിലോഗ്രാം | 42.08 | 37.78 | 37.81 | 0.08 | -10.15 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 37.69 | 36.15 | 36.15 | 0.00 | -4.09 |
| 5 | ജയ | കിലോഗ്രാം | 39.64 | 35.52 | 35.60 | 0.23 | -10.17 |
| 6 | ഗോതമ്പ് | കിലോഗ്രാം | 31.62 | 34.67 | 35.12 | 1.28 | 11.07 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 85.86 | 87.64 | 88.52 | 1.00 | 3.10 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 88.55 | 90.38 | 90.96 | 0.64 | 2.72 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 89.45 | 89.33 | 88.80 | -0.59 | -0.73 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 83.30 | 88.48 | 87.88 | -0.68 | 5.50 |
| 5 | വൻപയർ | കിലോഗ്രാം | 71.00 | 70.00 | 69.50 | -0.71 | -2.11 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 84.63 | 85.86 | 89.11 | 3.79 | 5.29 |
| 7 | കടല(വലുത്) | കിലോഗ്രാം | 83.48 | 76.86 | 76.54 | -0.42 | -8.31 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 68.78 | 72.00 | 72.00 | 0.00 | 4.68 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 41.94 | 65.04 | 66.90 | 2.86 | 59.51 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 72.04 | 71.63 | 71.67 | 0.05 | -0.51 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 38.04 | 36.67 | 36.86 | 0.52 | -3.10 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 144.42 | 152.88 | 154.62 | 1.14 | 7.06 |
| 3 | ശർക്കര | കിലോഗ്രാം | 54.23 | 53.34 | 52.05 | -2.42 | -4.02 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 53.15 | 58.57 | 60.02 | 2.48 | 12.93 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 525.00 | 557.14 | 557.14 | 0.00 | 6.12 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 92.08 | 108.98 | 102.69 | -5.77 | 11.52 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.80 | 146.84 | 147.64 | 0.54 | -0.11 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.13 | 161.62 | 161.62 | 0.00 | 0.30 |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 220.57 | 200.59 | 198.18 | -1.20 | -10.15 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 144.00 | 156.13 | 158.33 | 1.41 | 9.95 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 90.23 | 97.29 | 97.77 | 0.49 | 8.36 |
| 4 | നല്ലെണ്ണ | ലിററർ | 153.32 | 218.89 | 222.11 | 1.47 | 44.87 |
| 5 | കടുക് എണ്ണ | ലിററർ | 140.40 | 139.40 | 141.75 | 1.69 | 0.96 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 92.66 | 98.09 | 98.52 | 0.44 | 6.32 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 90.04 | 97.92 | 98.13 | 0.22 | 9.00 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 239.43 | 212.43 | 199.98 | -5.86 | -16.48 |

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2018 | ജനുവരി 2019 | ഫെബ്രുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 90.68 | 91.04 | 91.16 | 0.13 | 0.53 |
| 2 | മുളക് | കിലോഗ്രാം | 107.30 | 128.25 | 127.91 | -0.27 | 19.21 |
| 3 | ഉള്ളി | കിലോഗ്രാം | 44.04 | 43.05 | 41.04 | -4.67 | -6.81 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 164.38 | 164.11 | 158.66 | -3.32 | -3.48 |
| 5 | ജീരകം | 100 ഗ്രാം | 29.79 | 29.70 | 29.70 | 0.00 | -0.30 |
| 6 | കടുക് | 100 ഗ്രാം | 9.00 | 9.17 | 9.21 | 0.44 | 2.33 |
| 7 | ഉലുവ | 100 ഗ്രാം | 9.29 | 9.48 | 9.50 | 0.21 | 2.26 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.25 | 18.61 | 18.60 | -0.05 | 1.92 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 8.28 | 6.11 | 6.79 | 11.13 | -18.00 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 520.10 | 441.06 | 437.98 | -0.70 | -15.79 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 38.07 | 33.45 | 32.41 | -3.11 | -14.87 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 21.86 | 26.58 | 25.81 | -2.90 | 18.07 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 24.91 | 30.25 | 28.70 | -5.12 | 15.21 |
| 4 | ചേമ്പ് | കിലോഗ്രാം | 44.71 | 58.32 | 58.25 | -0.12 | 30.28 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 26.41 | 36.18 | 32.04 | -11.44 | 21.32 |
| 6 | കാരററ് | കിലോഗ്രാം | 37.68 | 41.11 | 34.20 | -16.81 | -9.24 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 31.68 | 18.41 | 16.29 | -11.52 | -48.58 |
| 2 | വഴുതന | കിലോഗ്രാം | 26.93 | 35.61 | 31.79 | -10.73 | 18.05 |
| 3 | മത്തങ്ങ | കിലോഗ്രാം | 17.75 | 18.64 | 18.02 | -3.33 | 1.52 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 18.63 | 20.79 | 20.48 | -1.49 | 9.93 |
| 5 | വെണ്ടക്ക | കിലോഗ്രാം | 34.39 | 47.27 | 37.88 | -19.86 | 10.15 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 34.77 | 48.29 | 46.63 | -3.44 | 34.11 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 41.61 | 47.14 | 41.02 | -12.98 | -1.42 |
| 8 | കാബേജ് | കിലോഗ്രാം | 24.02 | 27.57 | 26.79 | -2.83 | 11.53 |
| 9 | പാവയ്ക്ക | കിലോഗ്രാം | 43.71 | 46.55 | 45.84 | -1.53 | 4.87 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 19.02 | 22.25 | 21.93 | -1.44 | 15.30 |
| 11 | പടവലങ്ങ | കിലോഗ്രാം | 27.89 | 31.27 | 29.91 | -4.35 | 7.24 |
| 12 | തക്കാളി | കിലോഗ്രാം | 15.61 | 37.84 | 23.14 | -38.85 | 48.24 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.07 | 5.47 | 4.79 | -12.43 | 17.69 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 37.50 | 44.41 | 44.04 | -0.83 | 17.44 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 38.70 | 32.13 | 32.20 | 0.22 | -16.80 |

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2018 | ജനുവരി 2019 | ഫെബ്രുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 70.63 | 64.62 | 64.55 | -0.11 | -8.61 |
| 2 | മുസമ്പി | കിലോഗ്രാം | 58.17 | 67.02 | 65.10 | -2.87 | 11.90 |
| 3 | മാതളം | കിലോഗ്രാം | 114.58 | 91.25 | 95.21 | 4.34 | -16.91 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 120.00 | 127.08 | 148.00 | 16.46 | 23.33 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 43.63 | 53.14 | 51.33 | -3.41 | 17.65 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 39.21 | 31.66 | 31.14 | -1.64 | -20.58 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 59.96 | 46.41 | 45.84 | -1.23 | -23.55 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 53.06 | 47.33 | 46.94 | -0.84 | -11.53 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 32.48 | 28.08 | 28.93 | 3.03 | -10.94 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 101.67 | 110.48 | 98.61 | -10.74 | -3.01 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 17.18 | 18.41 | 17.23 | -6.40 | 0.31 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 77.78 | 73.04 | 66.88 | -8.44 | -14.02 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 57.00 | 62.95 | 61.82 | -1.81 | 8.45 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 19.86 | 20.00 | 20.00 | 0.00 | 0.70 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 27.59 | 29.13 | 29.38 | 0.86 | 6.49 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 507.14 | 486.67 | 495.00 | 1.71 | -2.39 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 387.97 | 385.36 | 407.86 | 5.84 | 5.13 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 382.97 | 380.18 | 402.68 | 5.92 | 5.15 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 51.59 | 54.35 | 54.47 | 0.22 | 5.58 |